# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -208 | 27.02.2017 ൽ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി കോളേജിൽ പെൺ കുട്ടികളോടൊപ്പം എത്തിയ യുവാവിനെ മർദിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.എം. കെ. മുനീർ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | തലസ്ഥാനത്തെ യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികളുമൊത്ത് എത്തിയ യുവാവിനെ മർദ്ദിക്കുകയും പെൺകുട്ടികളെ അപമാനിക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രൈം നമ്പർ വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികളോടൊപ്പമിരുന്ന യുവാവിനെ മർദ്ദിച്ച എന്ന പരാതിയെ തുടർന്ന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 190/2017 u/s 143, 147, 148, 149, 341, 323, 324 & 506 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) | മർദ്ദനമേറ്റ ചെറുപ്പക്കാരനെതിരെ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ക്രൈം നമ്പർ വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത യുവാവിനെതിരെ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 207/2017 u/s 294(b), 323, 354, & 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (സി) | യുവാക്കളെ സമാനമായ രീതിയിൽ ആക്രമിച്ച സംഭവങ്ങൾ ഇതേ കോളേജിൽ മുമ്പ് എപ്പോഴെങ്കിലും ഉണ്ടായതായി സിറ്റിയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനുള്ളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ മുൻപ് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | അത്തരം കേസിലും സമാന ആരോപണവും പരാതിയുമായി അതേ കോളേജിലെ പെൺകുട്ടികൾ രംഗത്തു വന്നിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.